# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1209 — 12.06.2014 ൽ മറുപടിക്ക്

## നെല്ല് സംഭരണവും സംസ്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. പി.സി. ജോർജ്:<br>ഡോ. എൻ. ജയരാജ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത് ഏത് ഏജൻസിയാണ്; | (എ) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതും കുത്തി അരിയാക്കി വിതരണം ചെയ്യുന്നതും സപ്ലൈകോയുമായി കരാറിലേർപ്പെട്ടിരിക്കുന്ന റൈസ് മില്ലുകൾ വഴിയാണ്. |
| (ബി) നെല്ലുസംഭരണവും സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) നെല്ല് സംഭരണ പദ്ധതിക്കുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനും മില്ലുകാരും തമ്മിലുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇപ്രകാരം സംഭരിക്കപ്പെടുന്ന നെല്ല് അരിയാക്കി പൊതുവിരണ ശൃംഖലയിൽ എത്തു മ്പോൾ ഇതിൽ കൃത്രിമത്വം നടന്നിട്ടില്ലെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിക്കുമോ? | (സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം പ്രകാരം കേരളത്തിലെ കർഷകരിൽ നിന്ന് സപ്ലൈകോ കരാറിലേർപ്പെട്ട മില്ലുകൾ വഴി നെല്ല് സംഭരിച്ച് കുത്തി കേന്ദ്ര ഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള ഗുണനിലവാരത്തിലുള്ള അരിയാക്കി കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പൊതു വിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്തുവരുന്നു. മില്ലുകാർ കുത്തി അരിയാക്കി പരിശോധനയ്ക്ക് തയ്യാറാക്കി വച്ചിരിക്കുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ (കൃഷി വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ വന്നിരിക്കുന്നത്), അതാത് ഡിപ്പോയിലെ ജൂനിയർ മാനേജർ, സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സംയുക്ത പരിശോധനാ സംഘമാണ്. ഈ പരിശോധനാ സംഘം ഗുണ നിലവാരം വിലയിരുത്തി വിതരണത്തിന് സർട്ടിഫൈ ചെയ്ത അരിയാണ് റേഷൻ മൊത്ത വ്യാപാരികൾക്ക് നൽകുന്നത്. സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്ന് അതാത് മാസങ്ങളിൽ ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം ഓരോ താലൂക്ക് സപ്ലൈ ഓഫീസറും നൽകുന്ന അതോറിറ്റി ലിസ്റ്റ് അനുസരിച്ച് അരിയുടെ വിലയ്ക്കുള്ള ഡി.ഡി.യുമായി റേഷൻ മൊത്ത |

വ്യാപാരികൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരഞ്ഞെടുത്ത ഡിപ്പോ കളിലെത്തുമ്പോൾ അവർക്ക് ഡിപ്പോ യിൽ നിന്നും ഗുണനിലവാര പരിശോധന പൂർത്തിയാക്കിയ മില്ലുകളിലേക്ക് റിലീസ് ഓർഡർ നൽകുന്നു. ഈ റിലീസ് ഓർഡറുമായി അതാത് മില്ലുകളിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾ അരിയെടു ക്കുന്നു.

മില്ലിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾക്ക് അരി വിതരണം നടത്തുമ്പോൾ നേരത്തെ പാസ്സാക്കിയ അതേ ഗുണനിലവാരത്തിലുള്ള അരിയാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്താൻ സപ്ലൈകോ എറണാകുളം ജില്ലയിൽ 3 ഇൻസ്പെക്ഷൻ ടീമിനേയും പാലക്കാട് ജില്ലയിൽ 2 ടീമിനേയും, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ടീമിനേയും നിയോഗിച്ച് പരിശോധന നടത്തി വരുന്നു. മേൽ വിവരിച്ച പ്രകാരം നെല്ല് സംഭരിക്കു ന്നതു മുതൽ മില്ലിൽ കുത്തി അരിയാക്കി റേഷൻ മൊത്ത വ്യാപാര സ്ഥാപനങ്ങൾ മില്ലിൽ നിന്നും അരി വിട്ടെടുക്കുന്നതു വരെ ക്രമക്കേടുകൾ ഒന്നും നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള എല്ലാ പരിശോധന സംവിധാനങ്ങളും നിലവിലുള്ളതും അത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുമുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി കൺട്രോൾ സെല്ലിലെ ഉദ്യോഗസ്ഥരും ഫുഡ് കോർപ്പ റേഷൻ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരും ഇടക്കിടെ മില്ലുകളിൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങളാണ് റേഷൻ കടകളിലൂടെ വിതരണം നടത്തുന്നത് എന്ന് സിവിൽ സപ്ലൈസ് വകുപ്പ് ഉറപ്പു വരുത്തുന്നു.

Beena

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**